# ചക്കരപ്പാലും ചീരോക്കഞ്ഞിയും

വെല്ലിയുമ്മാടെ നോമ്പു കഥ കേൾക്കാൻ കൊച്ചുമക്കൾ ചുറ്റിനും ഇരുന്നു. എപ്പോഴും കാർട്ടൂണുകളും ഗെയിംസുമായ് ഇരിക്കുന്നവരാണ്. പുതിയ സ്റ്റോറി ടൈം എന്ന് പറഞ്ഞപ്പോൾ അവർക്ക് ഇഷ്ടപ്പെട്ടു. രസമുള്ള എന്തെങ്കിലും പറഞ്ഞു കൊടുക്കണ്ടേ. വെല്ലിയുമ്മാടെ കുട്ടിക്കാലത്തെ നോമ്പോർമ്മകൾ പറയാം എന്ന് പറഞ്ഞപ്പോൾ കൂട്ടത്തിൽ ചെറിയവന് ഒരു സംശയം .

'അതിന് വെല്ലിയുമ്മ കുട്ടി ആയിട്ടുണ്ടോ ?'

ഏതായാലും കുട്ടികളേം കൂട്ടി ഒന്ന് തിരിഞ്ഞു നടക്കാമെന്നു തന്നെ തീരുമാനിച്ചു. അറുപതുകളിലെ നോമ്പു കാലത്തേക്ക് .

'പഴയ കഥയാട്ടാ '.

'ഓ റെഡി ' .. എല്ലാരും ഒരുമിച്ച് മൂളി. 'വെല്ലിയുമ്മ ഉടുപ്പിട്ട കുട്ടിയാല്ലേ?'

ഉടുപ്പിട്ട കുട്ടിക്ക് നോമ്പ് എടുക്കാൻ വാശിയായിരുന്നു. വാപ്പ സമ്മതിച്ചു. ഉമ്മാക്കായിരുന്നു എതിർപ്പ്. കാരണം അതിനും മാത്രം ആയിട്ടില്ലാന്ന്. എങ്കിലും ചില ദിവസങ്ങളിൽ സമ്മതം കിട്ടി. നോമ്പുതുറയും അത്താഴവുമായിരുന്നു മനസ്സിൽ. അല്ലാതെ പുണ്യവും പ്രതിഫലവും ഒന്നും അല്ല.

അത്താഴത്തിന് സമയം അറിയിക്കാൻ അത്താഴക്കാരൻ വരും.

'അപ്പൊ, അലാറം വെച്ച് കൂടെ ?' കുസൃതികളിൽ ഒരാൾ.
'അന്ന് ക്ലോക്കും വാച്ചും ഒന്നും എല്ലാടത്തും ഉണ്ടാവൂല്ല'

അത്താഴക്കാരൻ റോഡിലൂടെ വിളിച്ചു പറയും...
'അത്താഴം വെയ്ച്ചോളീൻ ... നേരായിപ്പോയല്ലോ..ഹൈ...ഹും....' .

ഏതോ അമാനുഷിക ശക്തിയാണ് എന്നാണ് കരുതിയിരുന്നത്. ഒരു ദിവസം വാപ്പാനോട് പറഞ്ഞു. അന്ന് വാപ്പ പടിക്കലേക്ക് കൂട്ടികൊണ്ടുപോയി കാണിച്ചു തന്നു ആ ശക്തിയെ. ഒരു കയ്യിൽ റാന്തലും മറ്റേ കയ്യിൽ ഒരു വടിയുമായി മീൻകാരൻ ജമാൽ. രാത്രി ഈ പണിക്ക് പള്ളീന്ന് കാശ് കിട്ടുമത്രേ. ഒട്ടു മിക്ക വീടുകളിലും വാച്ചും ക്ലോക്കും ഇല്ലാത്ത കാലാണ്. ഈ വിളി കേട്ടാണ് അത്താഴത്തിന് ഉണരുക. ഒരു വരിയും കൂടി ഉണ്ട്. 'വെക്കാത്തോരു വെച്ച് വെയ്ച്ചോളീ...' പിന്നെ നോമ്പ് കഴിഞ്ഞിട്ടും ജമാലിനെ ഇഷ്ടായി. 'ഇതാണ് നല്ല മനുഷ്യൻ'. കുഞ്ഞു മനസ്സിൽ കുറിച്ചിട്ടു. കുട്ടികൾക്കും അയാളെ ഇഷ്ടായി. 'ആളെ ഒന്ന് വരച്ചു തരോ ?' അൽപ സ്വല്പം വരക്കുന്ന ഞാൻ സമ്മതിച്ചു. ' നാളെ ട്ടാ '

അത്താഴത്തിന് അന്ന് ചോറും കൂട്ടാനും തന്നെ. മിക്കവാറും ദിവസങ്ങളിൽ വീട്ടിലുണ്ടാവുന്ന പച്ചക്കറികൾ കൊണ്ട് തേങ്ങാക്കറി. കൂടെ ഉണക്കച്ചെമ്മീനും. മിക്കതും ഉണക്കചെമ്മീന്റെ വകഭേദങ്ങൾ തന്നെ. ഇന്നത്തെ പോലെ പച്ചക്കറികടകളൊന്നും നാട്ടിൻപുറങ്ങളിൽ ഇല്ല. ഉമ്മമാരുടെ കൃഷികൾ തന്നെ. ചേമ്പും ചേനയും പയറും പടവലങ്ങയും, പച്ചമുളകും ഇഞ്ചിയും കറിവേപ്പിലയും. എല്ലാം മുറ്റത്തു കാണും.

അത്താഴത്തിലെ പിന്നെ ഇഷ്ടപ്പെട്ട ഒന്നാണ് 'ചക്കരപ്പാൽ'. ചെറുപഴവും തേങ്ങയും ശർക്കരയും കൂട്ടി കൈ കൊണ്ട് ഞെരടും. എന്നിട്ട് ചെറിയുള്ളിയും നല്ലജീരകവും പിഴിഞ്ഞ് ചേർക്കും. ഹാ... ആ മണം ഇന്നും മൂക്കിലുണ്ട്. ആ സ്വാദ് നാവിലും. അതിനു വേണ്ടി മാത്രം അത്താഴത്തിനു എണീറ്റ ദിവസങ്ങളുണ്ടായിട്ടുണ്ട്.

'എന്താ ഇപ്പൊ അത് ഉണ്ടാക്കാത്തത് ?' കേട്ടിരുന്നവർക്ക് സംശയം.

'വെല്ലിയുമ്മ ണ്ടാക്കി തരാട്ടോ' . അവർക്കു സന്തോഷമായി.

'ഇപ്പൊ പിന്നെ മിക്സിയിൽ അടിക്കാല്ലോ'. കുട്ടികളുടെ പ്രായോഗിക ബുദ്ധി. ഒന്നൂറി ചിരിച്ചേള്ളൂ .

നോമ്പ് നോറ്റ് സ്കൂളിൽ പോയാൽ വല്ലാത്ത ക്ഷീണായിരുന്നു.ഒരു പാട് നടക്കണം. ചിലപ്പോഴൊക്കെ ആരും അറിയാതെ കുറച്ചു വെള്ളമൊക്കെ അകത്താക്കും. കൂടെ സ്കൂൾ മുറ്റത്തെ നെലിക്കയും . 'കുട്ട്യോളല്ലേ...പടച്ചോൻ പൊറുക്കും ..' സ്വയം അങ്ങനെ സമാധാനിക്കും. പിന്നെ വീട്ടിൽ എത്തിയാൽ നോമ്പ്തുറക്കുള്ള കാത്തിരുപ്പ്. ഇരുപ്പ് പിന്നെ കിടപ്പാവും. അത്രക്ക് ക്ഷീണണ്ടാകും. ന്നാലും ഒപ്പിച്ചെടുക്കും. കാരണം അടുക്കളേന്നുള്ള മണം.

എല്ലാ ദിവസവും വിഭവങ്ങൾ ഒന്ന് തന്നെ. ഒരു കഷ്ണം കാരക്ക, നാരങ്ങവെള്ളം, തരിക്കഞ്ഞി. പിന്നെ നിസ്കാരം കഴിഞ്ഞാൽ പത്തിരീം ഇറച്ചീം. തീരെ പാവപ്പെട്ടവരുടെ വീട്ടിൽ ഗോതമ്പിന്റെ പത്തിരി..ഇന്നത്തെ ചപ്പാത്തി.

'അപ്പൊ, ഫ്രൂട്സും ഫ്രൂട് സലാഡും ഒന്നും ഇല്ലേ?' കുഞ്ഞു മുഖങ്ങളിൽ ആശ്ചര്യം. 'ഇല്ല..പിന്നെള്ളത് ചീരോക്കഞ്ഞി.' പച്ചരീം തേങ്ങയും ജീരകവും വെച്ചുണ്ടാക്കുന്ന കഞ്ഞി. നെയ്യിൽ താളിച്ചത്- ജീരകക്കഞ്ഞി. കൂടെ മീൻ മുളകിട്ടതും.

'ഓ..നമ്മടെ മഞ്ഞക്കഞ്ഞി' . കുട്ടികൾക്ക് പിടികിട്ടി.

കഥ കേട്ട് അവർക്ക് സന്തോഷമായി. എനിക്കും. കാരണം എന്നെ കേൾക്കാൻ ആളുണ്ടല്ലോ.

ബാങ്കിനു സമയമായി. ഒരു നന്ദിപ്രകടനത്തോടെ അവർ ഡൈനിങ്ങ് ടേബിളിലേക്ക് ഓടി. അവിടെ ഫ്രൂട്സും ഫ്രൂട്ട്സാലാടും പഫ്സും പാസ്തയും ഒക്കെ അവരെ കാത്തിരിക്കുന്നു.

'ചക്കരപ്പാലും ചീരോക്കഞ്ഞിയും' അവർക്ക് ഒരു കഥ.
എനിക്ക് നൊസ്റ്റാൾജിയ.

**മുനീറ സെയ്ദ്**